Phone no. 0471-2307176
E-mail: kufintvm@gmail.com
www.kufinance.info

# UNIVERSITY OF KERALA

Thiruvananthapuram, Kerala, India – 695 034

*(Established as University of Travancore by the TravancoreUniversity Act in 1937 and reconstituted as University of Kerala by the KeralaUniversity Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)*

*(Re-accredited by NAAC with 'A' Grade)*

അക്കൗണ്ട്സ് X/2021

തിരുവനന്തപുരം
തീയതി: 31/12/2021

## സർക്കുലർ

വിഷയം: കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് – SLI (എസ്.എൽ.ഐ) പദ്ധതി ബാധകമായ ജീവനക്കാരുടെ എസ്.എൽ.ഐ പോളിസിയുടെ പ്രതിമാസ പ്രീമിയം തുക – പ്രതിമാസ വരുമാനത്തിനനുസരിച്ച് പുതുക്കി നിശ്ചയിച്ച് – ഉത്തരവ് പുറപ്പെടുവിച്ചത് – സംബന്ധിച്ച്.

സൂചന : (1) 30/11/2021–ലെ സ.ഉ (അ) നം.159/2021 ധന

(2) 29/12/2021–ലെ നം. എഡി.എ 5.02.40849/2021/UOK സർവകലാശാല ഉത്തരവ്

മേൽ സൂചന (1) പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ ജീവനക്കാരുടെ എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം തുക പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതുപ്രകാരം എല്ലാ ജീവനക്കാരുടെയും അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, പേഴ്സണൽ പേ, ഗ്രേഡ് പേ (എല്ലാവിധ ഗ്രേഡ് പേകളും) എന്നിവയുടെ ആകെ തുകയായ പ്രതിമാസ വരുമാനത്തിന്റെ 1.5 ശതമാനം (1.5%) കണക്കാക്കി 100–ന്റെ ഗുണിതമായി മുകളിലേക്ക് റൗണ്ട് ചെയ്ത് നിജപ്പെടുത്തി എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിതം തുക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള എസ്.എൽ.ഐ പോളിസിയുടെ പ്രീമിയം തുക പ്രതിമാസ വരുമാനത്തിന്റെ 1.5 % കണക്കാക്കി നിജപ്പെടുത്തിയ തുകയെക്കാൾ കുറവുള്ള പക്ഷം പ്രസ്തുത ജീവനക്കാർ അഡിഷണൽ പോളിസി എടുക്കേണ്ടതാണ്. 01/01/2022 ന് 50 വയസ് പൂർത്തിയാകുന്ന ജീവനക്കാർക്ക് ഈ ഉത്തരവ് ബാധകമല്ല. സൂചന (2) പ്രകാരം മേൽ ഉത്തരവ് സർവകലാശാലയിൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ മേൽ ഉത്തരവ് ബാധകമായ എല്ലാ ജീവനക്കാരും പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി നിജപ്പെടുത്തിയ തുകയെക്കാൾ കുറവുള്ള പക്ഷം പുതിയ പോളിസ് എടുക്കേണ്ടതാണ്. ഇതിലേക്കായി മറുപുറത്തിൽ സൂചിപ്പിക്കുന്ന ഫോം പൂരിപ്പിച്ച് 10/01/2022 ന് മുൻപ് അക്കൗണ്ട്സ് X സെക്ഷനിൽ ഏൽപ്പിക്കേണ്ടതാണ്. സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന അനുബന്ധത്തിന്റെ പകർപ്പ് ഇതോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്.

മേൽ ഉത്തരവ് ബാധകമായ എല്ലാ ജീവനക്കാരും അപേക്ഷ ഫോം സമയബന്ധിതമായി അക്കൗണ്ട്സ് X സെക്ഷനിൽ എത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

R. Mahadevan

ഫിനാൻസ് ഓഫീസർ

പകർപ്പ്:

1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
2. രജിസ്ട്രാർ / എഫ്.ഒ / സി.ഇ / ഡി.പി.ഡി / ഡി.സി.ഡി.സി എന്നിവരുടെ പി.എ മാർക്ക്
3. എല്ലാ വകുപ്പ് മേധാവികൾക്കും / ജോയിന്റ് രജിസ്ട്രാർ, കാമ്പസ് അഡ്മിനിസ്ട്രേഷൻ
4. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും / ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും / അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
5. എല്ലാ സെക്ഷനുകൾക്കം
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി